KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 26/05/ 2020

# ഹോം ക്വാറന്റൈൻ ലംഘനം തമിഴ്നാട് സ്വദേശിക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തു.

കൊല്ലം : ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്നവർ നിർബന്ധമായും ക്വാറന്റൈനിൽ കഴിയണമെന്ന സർക്കാർ നിർദേശം ലംഘിച്ച് തമിഴ്നാട്ടിൽ നിന്നും എത്തി ഹോം ക്വാറന്റൈനിൽ പാർപ്പിച്ചിരുന്ന പടനായർകുളങ്ങര വടക്ക് കുന്നത്ത് രോഹിണിയിൽ വാടകയ്ക്ക് താമസിക്കുന്ന തമിഴ്നാട് സ്വദേശി മകുടീശ്വരൻ (32)ക്വാറന്റയിൻ മാനദണ്ഡങ്ങൾ ലംഘിച്ച് വീട്ടിൽ നിന്നും പുറത്ത് പോയതിനെത്തുടർന്ന് ടിയാനെതിരെ ക്വാറന്റൈൻ ലംഘനത്തിന് കരുനാഗപ്പള്ളി പോലീസ് കേസ് രജിസ്റ്റർ ചെയ്തു. കരുനാഗപ്പള്ളി സബ് ഇൻസ്പെക്ടർ ടിയാന്റെ വീട്ടിൽ നിരീക്ഷണത്തിന് എത്തിയപ്പോൾ സ്ഥലത്തില്ലായെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരെ അറിയിക്കുകയും അവരുടെ നിർദ്ദേശപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ഹോം ,ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ കേന്ദ്രങ്ങളിൽ കഴിയുന്നവർ പുറത്ത് പോകുന്നില്ല എന്നും സാമൂഹ്യ അകലം പാലിക്കുന്നു എന്നും ഉറപ്പ് വരുത്തുന്നതിലേക്ക് നിരീക്ഷണത്തിന് ശക്തമായ പോലീസ് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. സർക്കാർ നിർദേശിച്ച ഹോം ക്വാറന്റൈനിലും ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും കഴിയുന്നവർ ക്വാറന്റൈൻ നിഷ്കർഷകൾ പാലിക്കേതാണെന്നും നിർദേശങ്ങൾ ലംഘിക്കുന്നവർക്കെതിരേ കർശനനടപടികൾ തുടർന്നും സ്വീകരിക്കുന്നതാണെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.